# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല – കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് - 2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8-ആഡിറ്റ് തടസ്സപ്പെടുത്തിയ 75,000/- രൂപയുടെ(എഴുപത്തിയഞ്ചായിരം രൂപ മാത്രം)ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.2013/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:28/06/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/07/2015-ലെ എം3-21852/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02/02/2016-ലെ KSA. 12767/PT1/15 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം സർക്കാർ മാർഗ്ഗരേഖക്കുവിരുദ്ധമായി, "തട്ടക്ക് തറി പുനരുദ്ധാരണം" പദ്ധതിക്കായി ചെലവുചെയ്ത 75,000/-രൂപയ്ക്ക്(എഴുപത്തിയഞ്ചായിരം രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. പ്രസ്തുത ചെലവ് സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാലാണ് തടസ്സം വന്നിട്ടുള്ളത്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 06/03/2015 ലെ 6(2)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ്

മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-8 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ പരമ്പരാഗതവ്യവസായമായ കയർവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു പീഡിതവ്യവസായം സംരക്ഷിക്കാൻ സഹായകമായതും പഞ്ചായത്തിന് അനിവാര്യവുമായ പദ്ധതി എന്ന നിലയ്ക്കും പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും ആലപ്പുഴ ജില്ലയിലെ കടക്കരപ്പളളി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ "തടുക്ക് തറി പുനരുദ്ധാരണം" പദ്ധതിക്കായി ചെലവുചെയ്ത 75,000/-രൂപയ്ക്ക്(എഴുപത്തിയഞ്ചായിരം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിദ്ധാർത്ഥൻ.എസ്,
ഡെപ്യൂട്ടിസെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, കടക്കരപ്പളളി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി
വെബ് &ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ